## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7792 — 23.07.2012 -ൽ മറുപടിയ്ക്ക്

### സ്വകാര്യ മേഖലയിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചിട്ടി കമ്പനികൾക്കെതിരെ ലഭിക്കുന്ന പരാതികളിൽ അപ്പപ്പോൾ അന്വേഷണം നടത്തി വരാറുണ്ട്. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടി കമ്പനികളെ സംബന്ധിച്ച് സർക്കാരിൽ വിവരങ്ങൾ ലഭിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനരീതി. നില നിൽപ്പ്. വിശ്വാസ്യത. നിയമ പ്രാബല്യം മുതലായവയെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തൃശൂർ. പാലക്കാട്. മലപ്പുറം എന്നീ ജില്ലാ രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിലെ പോലീസ് സുപ്രണ്ട്മാരോട് ജില്ലാ രജിസ്ട്രാറോട്കൂടി പരിശോധന നടത്തുന്നതിനും നിയമം ലംഘിക്കുന്നവരുടെ പേരിൽ നിയമനടപടി സ്വീകരിക്കുന്നതിനും ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും നിയമം കൊണ്ടുവരുന്നതിനും കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ; | (ബി) & (സി) | സ്വീകരിക്കുന്നതാണ്. ചിട്ടികൾ നടത്തുന്ന സ്ഥാപനങ്ങളുടെ നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള കൂടുതൽ കർശനമായ വ്യവസ്ഥകൾ കേന്ദ്ര ചിട്ടി നിയമമായ ചിറ്റ് ഫണ്ട്സ് ആക്റ്റിൽ ഉണ്ട്. ടി നിയമത്തിന് സംസ്ഥാനത്ത് 30.04.2012 മുതൽ |

| | | |
|---|---|---|
| (സി) | സർക്കാർ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം ചിട്ടിക്കമ്പനി നടത്തിപ്പുകാർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ? | പ്രാബല്യം നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിയമത്തിന്റെ കീഴിൽ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 04.05.2012 ലെ ജി.ഒ.(പി)94/2012/റ്റി.ഡി. നമ്പരായി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിയമം പ്രാബല്യത്തിൽ വന്നതോടെ സർക്കാർ അനുമതിയില്ലാതെ ചിട്ടിനടത്തുന്ന ചിട്ടിനടത്തിപ്പുകാർക്കെതിരെ, കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഇതു സംബന്ധിച്ച് പരാതി ലഭിക്കുകയാണെങ്കിൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ